(ബി) എങ്കിൽ അത് സംബന്ധമായി പരാതികൾ എന്തെങ്കിലും ഉയർന്നിട്ടുണ്ടോ ; അവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2002-ലെ ഫൈനാൻസ് ആക്ട് പ്രാകാരം ലക്ഷ്വറി ടാക്സ് നിയമം വകുപ്പ് 4 ഉപവകുപ്പ് 2 (എ) (ബി) (സി) (ഡി) പ്രകാരം ഈടാക്കേണ്ടുന്ന നികുതി ദിവസേന മുറികളിൽ തങ്ങുന്ന ആളുകളിൽ നിന്നും ഈടാക്കുന്ന തുക യുമായി ബന്ധപ്പെടുത്തിയിരുന്നത് മാറ്റി പകരം ദിവസേന ഓരോ മുറിക്കും ഈടാക്കുന്ന തുകയുമായി ബന്ധപ്പെടുത്തി ഭേദഗതി ചെയ്തു. ഇപ്പോൾ നിലവിലുള്ള നിയമപ്രകാരം നികുതി നിർണ്ണയം നടത്തുന്നതിന് പ്രത്യേക കാലാവധിയോ പൂർത്തികരിച്ച അസസ്മെന്റുകളിൽ ഉണ്ടാകുന്ന പാകപ്പിഴകൾ തിരുത്തുവാനോ, റിട്ടേണുകൾ ഹാജരാക്കാതിരിക്കുകയോ കൃത്യസമയത്ത് ഹാജരാക്കാതിരിക്കുകയോ ചെയ്താൽ പലിശ ഈടാക്കുന്നതിനോ ഉള്ള നിയമ വ്യവസ്ഥകൾ നിലവിലില്ല. ഈ ന്യൂനതകൾ പരിഹരിക്കുന്നതിനായി നിയമത്തിൽ വേണ്ട ഭേദഗതികൾ വരുത്തണമെന്ന ആവശ്യം പരിശോധിച്ചു വരികയാണ്.

(ബി) ഇതു സംബന്ധമായി യാതൊരു പരാതിയും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ട്രഷറികളിൽ നിന്ന് പെൻഷൻ ലഭിക്കാനുള്ള ബുദ്ധിമുട്ട്

26 (1079) ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയിട്ടും ട്രഷറികളിൽ നിന്നും പെൻഷൻ വാങ്ങുന്നവർക്ക് ബുദ്ധിമുട്ട് കുറഞ്ഞിട്ടില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബാങ്കുവഴി പെൻഷൻ വാങ്ങാൻ ആഗ്രഹിക്കുന്നവർക്ക് കാലതാമസമില്ലാതെ അടുത്ത പെൻഷൻ തീയതിയിൽ തന്നെ പെൻഷൻ ബാങ്കിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കമ്പ്യൂട്ടറൈസേഷൻ നടപ്പിലായ ട്രഷറികളിൽ, പെൻഷൻ വാങ്ങുന്നവർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി പരാതികൾ ഒന്നും തന്നെ ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) ബാങ്കുവഴി പെൻഷൻ വാങ്ങാൻ ആഗ്രഹിക്കുന്നവർക്ക് കാലതാമസമില്ലാതെ തന്നെ അവരുടെ പെൻഷൻ ബുക്കും അപേക്ഷയും ബന്ധപ്പെട്ട ജില്ലാ ട്രഷറി ആഫീസർ മുഖേന ആവശ്യപ്പെടുന്ന ബാങ്കിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

താമസം കൂടാതെ അയയ്ക്കാറുണ്ട്. ഇങ്ങനെ ചെയ്യുമ്പോൾ തപാൽ വഴിയുള്ള താമസവും മറ്റും കാരണം കുറച്ചു താമസം വരാൻ സാദ്ധ്യതയുണ്ട്. ഇതിൽ തപാൽ മുഖാന്തിരമുള്ളത് ഒഴിച്ചുള്ള താമസം പരമാവധി ഒഴിവാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ടി. പി. അക്കൗണ്ട് നിക്ഷേപം

27 (1080) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ഏപ്രിൽ 1-ന് ടി. പി. അക്കൗണ്ടിൽ എത്ര സംഖ്യ നിക്ഷേപിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) 2002 ഏപ്രിൽ 1, 2003 ഏപ്രിൽ 1 എന്നീ ദിവസങ്ങളിൽ ടി. പി. അക്കൗണ്ടിലെ നിക്ഷേപം എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2001 ഏപ്രിൽ ഒന്നിന് ടി. പി. അക്കൗണ്ടിൽ ഉണ്ടായ നിക്ഷേപം രൂപ 18,79,99,98,747.

(ബി) 2002 ഏപ്രിൽ ഒന്നിന് ടി. പി. അക്കൗണ്ടിൽ ഉണ്ടായിരുന്ന നിക്ഷേപം രൂപ 17,48,85,45,275. 2003 ഏപ്രിൽ ഒന്നിന് ടി. പി. അക്കൗണ്ടിൽ ഉണ്ടായിരുന്ന നിക്ഷേപം രൂപ 16,11,73,03,777.

സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപം പിൻവലിക്കാൻ അനുവാദം

28 (1081) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ ട്രഷറികളിൽ നിക്ഷേപിച്ചിട്ടുള്ള തുക കാലാവധി കഴിഞ്ഞിട്ടും പിൻവലിക്കാൻ അനുവദിക്കുന്നില്ലെന്ന് ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരത്തിൽ നിക്ഷേപം പിൻവലിക്കാൻ അനുവദിക്കാത്തത് എന്തുകൊണ്ടാണ് ;

(സി) സംസ്ഥാന സർക്കാരിന്റെ ട്രഷറിയിലുള്ള വിശ്വാസ്യത നഷ്ടപ്പെടുത്തുന്ന ഈ നടപടി തിരുത്തുവാനും കാലാവധി കഴിഞ്ഞ നിക്ഷേപങ്ങൾ പിൻവലിക്കാനും ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ & ബി) സഹകരണ സ്ഥാപനങ്ങൾ ട്രഷറികളിൽ നിക്ഷേപിച്ചിട്ടുള്ള തുക കാലാവധി കഴിഞ്ഞിട്ടും പിൻവലിക്കാൻ അനുവദിക്കാതിരുന്നിട്ടില്ല. എന്നാൽ സാമ്പത്തികഞെരുക്കം കാരണം തുക പിൻവലിക്കാൻ അനുവാദം നൽകിയതിൽ കാലതാമസം നേരിട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly